## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3603. 12.05.2017 ൽ മറുപടിയ്ക്ക്

## സർക്കാരിന്റെ മദ്യനയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ മദ്യനയം അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകുമോ; | (എ) | ഈ സർക്കാർ പുതിയതായി മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. ദേശീയ/സംസ്ഥാന പാതയോരങ്ങളുടെ 500 മീറ്റർ ദൂരപരിധിക്കുള്ളിൽ 1.4.2017 മുതൽ മദ്യശാലകൾ പ്രവർത്തിക്കുവാൻ പാടില്ലായെന്ന ബഹു:സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ പുതിയ സാഹചര്യം കാരണത്താലും, മലപ്പുറം ലോകസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാലും സംസ്ഥാനത്ത് മദ്യനയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. 25.03.2017-ലെ GO(MS)/16/2017/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കള്ള്ഷാപ്പുകളുടെ ലൈസൻസ് നിലവിലുള്ള നിരക്കിന്റെ ആനുപാതിക ലൈസൻസ് ഫീസ് ഈടാക്കികൊണ്ടും മറ്റ് പൊതുവ്യവസ്ഥകൾ പാലിച്ചുകൊണ്ടും 01.04.2017-മുതൽ 3 മാസത്തേക്ക് ലൈസൻസ് കാലാവധി ദീർഘിപ്പിച്ച് നൽകിയും. അബ്കാരി നിയമ പ്രകാരം നൽകുന്ന മറ്റ് ലൈസൻസുകൾ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി, നിലവിലെ ലൈസൻസ് ഫീസ് ഈടാക്കികൊണ്ട് 01.04.2017 മുതലും പുതുക്കി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇക്കാര്യത്തിൽ ഉയർന്നു വരുന്ന വിവാദങ്ങളും മാധ്യമ വാർത്തകളും പുതിയ മദ്യ നയവുമായി ബന്ധമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; ഔട്ട് ലെറ്റുകൾ പൂട്ടുന്നതും മാറ്റി സ്ഥാപിക്കുന്നതും പോലുള്ള കാര്യങ്ങളിൽ വിവാദം ഉണ്ടാകുന്നതിലെ സ്ഥാപിത താല്പര്യങ്ങൾ തിരിച്ചറിഞ്ഞ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | ബഹു.സുപ്രീംകോടതിയുടെ 31.03.2017-ലെ CA.No.12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായപ്രകാരം ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിൽ ഒരു മദ്യഷാപ്പുകളും 01.04.2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ കഴിയാതെ വരുന്ന വിദേശ മദ്യഷോപ്പുകളും, കള്ളുഷാപ്പുകളും, പൊതുജനങ്ങളുടെ എതിർപ്പിന് ഇടവരാത്ത രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**